DAILY

# Heavenly Manna

for the

## Household of Faith

## സ്വർഗ്ഗീയമന്നാ

*Reprinted in 1983*

INTERNATIONAL BIBLE STUDENTS
ASSOCIATION
**(INDIA BRANCH)**
Kottayam, Travancore

വിശ്വാസത്തിന്റെ ഭവനക്കാർക്ക്

ദിനംപ്രതിയുള്ള

# സ്വർഗ്ഗീയമന്നാ

സംവത്സരം മുഴുവനും പ്രതിദിനധ്യാനത്തിനുവേണ്ടി
സ്വരൂപിച്ചിട്ടുള്ള

## വേദവാക്യാവലി

അതതുവാക്യത്തിനു ചേർച്ചയായഭാഗങ്ങളെ
വാച്ച്ടവറിൽ
നിന്നു കൂട്ടിച്ചേർത്തിട്ടുള്ളത്

Printed in U. S. A. by
DAWN BIBLE STUDENTS ASSOCIATION
East Rutherford, N. J. 07073

# സമർപ്പണം

ഇവയെ കൂട്ടിച്ചേർത്ത
ജി. ഡബ്ള്യു. സീബോട്ട് മദാമ്മയാൽ
വിശ്വാസത്തിന്റെ ഭവനക്കാർക്ക്
സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

---

'സഹോദരന്മാരെ! നിങ്ങൾ സകല ഉത്സാഹവും കഴിച്ചു നിങ്ങളുടെ
വിശ്വാസത്തോട് വീര്യവും വീര്യത്തോട് പരിജ്ഞാനവും
പരിജ്ഞാനത്തോട് ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോട്
ക്ഷമയും ക്ഷമയോടു ദൈവഭക്തിയും ദൈവ
ഭക്തിയോടു സഹോദരപ്രീതിയും
സഹോദരപ്രീതിയോട്
സ്നേഹവും
കൂട്ടിക്കൊൾവിൻ. ഇവ
നിങ്ങളിൽ ഉണ്ടായി വർദ്ധിക്കുന്നു എങ്കിൽ
നിങ്ങൾ നമ്മുടെ കർത്താവായ
യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ചു
നിരുത്സാഹികളും നിഷ്ഫലന്മാരും ആയിരിക്കയില്ല.'

—൨ പത്രോ. ൧:൫-൮.—

[ഇംഗ്ലീഷ്പതിപ്പിന്റെ മുഖവു ]

# ഫലപ്രദമായ ദിനാംശം.

'ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലംപോരാതെ വരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ എന്നു നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ, എന്നു സൈന്യങ്ങളുടെ യഹോവാ അരുളിച്ചെയ്യുന്നു

മലാ. ൩;൧൦.

ലോകത്തിൽ സുഖസൌകര്യങ്ങളും സ്വാതന്ത്ര്യക്ഷേമങ്ങളും ഇക്കാലത്തു ബഹുലമായി വർദ്ധിച്ചിരിക്കുന്നെങ്കിലും അനുപമമായ അസംതൃപ്തിയും മനുഷ്യരിൽ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഇതിൻമദ്ധ്യേ ഒരു സത്യക്രിസ്ത്യാനിയുടെ ഉള്ളിൽ നിത്യവം വാഴേണ്ടതു് 'ദൈവസമാധാനം' ആകുന്നു. എന്നാൽ പ്രതിദിന ജീവിതത്തിലെ സ്വാഭിലാഷങ്ങളുടെ തിക്കുംതിരക്കുംമൂലം തങ്ങളുടെ ആത്മികമായ ആഹാരാംശത്തെ നഷ്ടപ്പെടുത്തുവാൻ ക്രിസ്ത്യാനികൾ അനുവദിക്കുന്നപക്ഷം അവർ ആത്മികജീവനിൽ നാൾക്കുനാൾ മെലിഞ്ഞുപോകുന്നതു ആശ്ചര്യമല്ല. 'നിന്റെ എല്ലാവഴികളിലും അവനെ നിനച്ചു (ആദരിച്ചു, അറിയിച്ചു) കൊൾക അവൻ നിന്റെ പാതകളെ നേരെയാക്കും' എന്നുള്ള പ്രബോധനത്തെ നാം ഓർമ്മിക്കുക. സുഭാ. ൩:൬.

'മന്നാ'യുടെ ഒന്നാം പതിപ്പു് ഞങ്ങൾ ആശിച്ചതിൽ അത്യന്തം വിജയകരമായിട്ടാണ് തീർന്നതു. അതുഇരുപതിനായിരം പ്രതികൾ ഉണ്ടായിരുന്നു. സമീപസ്ഥരും ദൂരസ്ഥരുമായ അനേകസ്നേഹിതന്മാരുടെയും ദയാപൂർവ്വമായ അഭിനന്ദനങ്ങൾ ഞങ്ങളെ അതിയായി ധൈര്യപ്പെടുത്തി. ചിലർ അതിനെ തങ്ങളുടെ 'സ്വർഗ്ഗീയപ്രാതൽ' എന്നും അരുണോദയംതോറും അതിലെപാഠങ്ങളെ തങ്ങൾ നിയമേനഭുജിക്കുന്നെന്നും പറയുന്നു. സ്വർഗ്ഗീയ ആലോചനകളുടെകഷണങ്ങളെ ആഹരിക്കുന്നതിനായിദിവസവും വിനിയോഗിക്കപ്പെടുന്ന അല്പമായ ദിനാംശം അതിൽ പങ്കുകൊള്ളുന്നവർക്കു പ്രയോജനത്തെ ചെയ്യാതെ ഇരിക്കുകയില്ല

൧ 1

നിശ്ചയം. അപ്രകാരമുള്ള ധ്യാനത്തോടുകൂടെ ആരംഭിക്കപ്പെടുന്ന ദിവസം വിശേഷതരമായും അത്യന്തം പ്രയോജനകരമായും കഴിഞ്ഞുകൂടുന്നതായിരിക്കും എന്നുള്ളതിനു തർക്കമില്ല. ഇപ്രകാരം വിശുദ്ധവിചാരങ്ങളിലേക്കു ദിനോദയത്തിങ്കൽ തന്നെ നീതമായ ഹൃദയം നേർപാതകളിൽ നിന്നു തെറ്റുവാൻ അന്യഥാ ഉള്ളതിനോളം എളുപ്പമില്ല. 'മേലിൽ നിന്നുവരുന്നതായജ്ഞാനം' ഇങ്ങിനെ ക്രമേണയുംനിഷ്പ്രയാസമായും അനുഭൂതമാക്കുന്നതായിരിക്കും. അപ്പോൾ വിശുദ്ധന്മാരുടെ ഹൃദയങ്ങളിൽ ഒട്ടെങ്കിലും സൽഫലങ്ങൾ കായിക്കാതെപോകയില്ല. ലൌകികന്മാരിൽ ഒരു ആദരവും അതിനാൽ ഉണർത്തപ്പെടുന്നതായിരിക്കും.

ഈ പുസ്തകം കാണ്മാൻ ഇടയാകുന്ന ഏതു ക്രിസ്ത്യാനിക്കും തന്റെപ്രാതക്കാലത്തെ ഉപയോഗത്തിനു ഇതിൽ ഒരു പ്രതി വേണമെന്നുള്ള താല്പര്യം നിശ്ചയമായി ജനിക്കുന്നതായിരിക്കും. ഇതിന്റെ പ്രസിദ്ധീകരണം ലാഭേച്ഛയിൽ നിന്നല്ല ഇതിന്റെ പ്രയോജനത്തെക്കരുതി മാത്രമാണ്. അതുകാരണം ഏവർക്കും ഇതു വാങ്ങാവുന്നതരത്തിലുള്ള ഒരു താണവിലമാത്രമെ ചുമത്തിയിട്ടുള്ളൂ. 'മന്നാ' ഒരു പ്രത്യേകവകുപ്പിന്റെ പക്ഷം പിടിച്ചുള്ളതല്ല. അതു വെറും ക്രൈസ്തവം മാത്രമാണെന്നുഞങ്ങൾക്കുധൈര്യമുണ്ട് ആസ്തുകൊണ്ട് 'മന്നാ'വാങ്ങി ഉപയോഗിക്കണമെന്നു പറയുമ്പോൾ സ്നേഹിതന്മാർക്കും അയൽക്കാർക്കും ഞങ്ങൾ വിലയേറിയ ഒരു ശുശ്രൂഷ ചെയ്കയാകുന്നു. ചിലർ ഇതിനെ പിറന്നാൾ സമ്മാനങ്ങളായും ക്രിസ്തുമസ്സ് ദാനങ്ങളായും മറ്റുവിശേഷ ദിനദാനങ്ങളായും ഉപയോഗപ്പെടുത്തുകയുണ്ട്. വേറെചിലർ ഇവയുടെ സൽപ്രേരണകളെ പരത്തുന്നതിലുള്ള അത്യുൽസാഹത്തിൽ ഇവയെ മൊത്തമായി വാങ്ങി അല്പമായിവരുന്ന ചെലവുമാത്രം കൂട്ടി ചില്ലറവിൽക്കുന്നുണ്ട്. ഈ സ്നേഹശുശ്രൂഷയിൽ അവസരവും പ്രാപ്തിയുംപോലെ സഹകരിക്കുന്നതിനു ഞങ്ങൾ ഏവരേയും ക്ഷണിച്ചുകൊൾകയും ചെയ്യുന്നു.

ഈ പുസ്തകം ആയുരന്തം നില്ക്കുന്നതാണ്. വർഷംതോറും ഇതുതന്നെ ഉപയോഗപ്പെടുത്താം. കാരണം ഇതിലെ പവിത്രത്തത്തു ഒരിക്കലും പഴകുന്നില്ല. അതു വരിക്കുമേൽ വരിയും ഉപദേശത്തിന്മേൽ ഉപദേശവും ആയിരിക്കുകയാൽ അതിന്റെ പുതുമയും ശാശ്വതമായിരിക്കും.

൨ 2